**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 109** **07-10-2024 - ൽ മറുപടിയ്ക്ക്**

**ഫോൺ സംഭാഷണം ചോർത്തുന്നതായ പരാതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ഫോൺ സംഭാഷണങ്ങൾ പോലീസ് ഉദ്യോഗസ്ഥർ ചോർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | ഇക്കാര്യത്തിൽ ഗവർണർ വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ; | (ബി) | ചില മാധ്യമവാർത്തകളെ തുടർന്ന് ബഹു.ഗവർണ്ണർ മുഖ്യമന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്. |
| (സി) | പോലീസ് അല്ലാതെ ഏതെങ്കിലും വ്യക്തികൾ ഫോൺ ചോർത്തൽ നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; | (സി) | സംസ്ഥാനത്തെ ഭരണാധികാരികളുടെയും പോലീസ് ഉദ്യോഗസ്ഥരുടെയും ഫോൺ സംഭാഷണം ചോർത്തിയതായി ഒരു എം.എൽ.എ വെളിപ്പെടുത്തിയതിനെ തുടർന്ന് ശ്രീ. തോമസ് കെ പീലിയാനിക്കൽ എന്ന വ്യക്തിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ കറുകച്ചാൽ പോലീസ് സ്റ്റേഷനിൽ ക്രൈം. നമ്പർ 1005/2024 U/s 192 BNS & 42(2)(a) (b) of Telecommunication Act 2023 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്. |
| (ഡി) | ഫോൺ ചോർത്തലിൽ കുറ്റക്കാരായവർക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) | അത്തരത്തിലുള്ള കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപെട്ടാൽ ടെലികമ്മ്യൂണിക്കേഷൻ ആക്ട് 2023 ലെ സെക്ഷൻ 42(2)(a)(b) അനുശാസിക്കുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ